**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1291** **30-08-2022 - ൽ മറുപടിയ്ക്ക്**

**വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിനുള്ള പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | ശ്രീ. പി.എ.മുഹമ്മദ് റിയാസ് (പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിനായി ഏതൊക്കെ പദ്ധതികളാണ് നടപ്പാക്കിയിട്ടുള്ളത് എന്നത് വിശദാംശങ്ങൾ സഹിതം ലഭ്യമാക്കാമോ; | (എ) | സംസ്ഥാനത്തെ ടൂറിസം കേന്ദ്രങ്ങളിൽ ആവശ്യമായ സൗകര്യങ്ങൾ ഒരുക്കുന്നതിനായി നിരവധി പദ്ധതികൾ വകുപ്പ് ആവിഷ്കരിച്ച് വരുന്നു.<br><br>ഹൗസ് ബോട്ടിന് ശേഷം പുതിയ ടൂറിസം ഉത്പന്നത്തെ പരിചയപ്പെടുത്താൻ കാരവൻ ടൂറിസം പദ്ധതി ഈ സർക്കാർ നടപ്പാക്കി. പുതിയ വിനോദസഞ്ചാര കേന്ദ്രങ്ങൾ കണ്ടെത്തി അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും അവ ടൂറിസം ഡെസ്റ്റിനേഷനുകൾ ആക്കുന്നതിനും വേണ്ടി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് ഡെസ്റ്റിനേഷൻ ചലഞ്ച് എന്ന പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി അപേക്ഷകൾ സ്വീകരിച്ചുവരുന്നു. ഈ സർക്കാർ അധി കാരത്തിൽ വന്നതിനുശേഷം പ്രഖ്യാപിച്ച രണ്ട് പ്രധാന ടൂറിസം സർക്യൂട്ടുകളായ "മലബാർ ലിറ്ററി സർക്യൂട്ട്", "കൊല്ലം ബയോ ഡൈവേഴ്സിറ്റി സർക്യൂട്ട്" എന്നിവയുടെ വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കുന്നതിനായി ആർക്കിടെക്ചറൽ കൺസൾട്ടന്റുമാരെ കണ്ടെത്തി അവരുമായി കരാറിൽ ഏർപ്പെട്ടു കഴിഞ്ഞു. കൂടാതെ നിലവിലുള്ള പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളിൽ മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന്റെ ഭാഗമായി ലോകോത്തര നിലവാരത്തിലുള്ള ടോയ് ലെറ്റ് ബ്ലോക്കുകളുടെ നിർമ്മാണത്തിനായുള്ള പദ്ധതി നടപ്പിലാക്കി വരുന്നു. ഇതുപ്രകാരം ബേക്കൽ കാരാപ്പുഴ, പൂക്കോട്, കോഴിക്കോട് ഭട്ട് റോഡ്, വർക്കല എന്നീ അഞ്ചു കേന്ദ്രങ്ങളിൽ ഈ പ്രവൃത്തി പൂർത്തീകരണ ഘട്ടത്തിലാണ്. 84 കേന്ദ്രങ്ങളിൽ ഭിന്നശേഷിക്കാരായ സഞ്ചാരികൾക്ക് ഉപകാരപ്രദമാകും വിധം "ബാരിയർ ഫ്രീ ടൂറിസം" പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. വിനോദസഞ്ചാര |

കേന്ദ്രങ്ങൾ മാലിന്യ മുക്തമാക്കുന്നതിന് 'ക്ലീൻ ടൂറിസം ഡെസ്റ്റിനേഷൻ' ക്യാമ്പയിൻ പദ്ധതി പ്രകാരം കുടുംബശ്രീ മുഖാന്തരം മാലിന്യനിർമ്മാർജ്ജന പദ്ധതി നടപ്പിലാക്കി വരുന്നു. ഹെറിറ്റേജ് ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി മുസിരീസ് പൈതൃക പദ്ധതി, ആലപ്പുഴ പൈതൃക പദ്ധതി, തലശ്ശേരി പൈതൃക പദ്ധതി, ട്രാവൻകൂർ പൈതൃക പദ്ധതി എന്നിവ നടപ്പിലാക്കി വരുന്നു. കൂടാതെ ക്രൂയിസ് ടൂറിസം വികസിപ്പിക്കുന്നതിനായി മലബാർ റിവർ ക്രൂയിസ് പദ്ധതി, ബീച്ച് ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിന് കിഫ്ബി ഫണ്ട് ഉപയോഗിച്ച് മുഴപ്പിലങ്ങാട് - ധർമ്മടം ബീച്ചിന്റെ സമഗ്ര വികസനം, ആലപ്പുഴ ചെത്തി ബീച്ചിന്റെ വികസനം എന്നിവ വകുപ്പ് നടപ്പിലാക്കി വരുന്നു. നിലവിലുള്ള ഗസ്റ്റ് ഹൗസുകളുടെ നവീകരണവും പുതിയ ഗസ്റ്റ് ഹൗസ് ബ്ലോക്കുകളും നിർമ്മാണവും വകുപ്പ് നടപ്പിലാക്കി വരുന്നു. അതിൽ ഇടുക്കി, ആതിരപ്പള്ളി, കന്യാകുമാരി എന്നിവിടങ്ങളിൽ യാത്രി നിവാസും, സുൽത്താൻ ബത്തേരി, കോഴിക്കോട് (അഡീഷണൽ ബ്ലോക്ക്), ഗുരുവായൂർ എന്നിവിടങ്ങളിൽ അതിഥി മന്ദിരങ്ങളും നിർമ്മിച്ചു വരുന്നു. കൂടാതെ കെ.ടി.ഡി.സി. മുഴപ്പിലങ്ങാട് 3 സ്റ്റാർ ബീച്ച് ഹോട്ടലും കിഫ്ബി ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കി വരുന്നു.

ഉത്തരവാദിത്ത ടൂറിസം എന്ന ആശയത്തെ അടിസ്ഥാനമാക്കി വില്ലേജ് ടൂറിസം, റൂറൽ ടൂറിസം, കൾച്ചറൽ ടൂറിസം, ഫെസ്റ്റിവൽ ടൂറിസം, എക്സ്പീരിയൻഷ്യൽ ടൂറിസം, ഫാം/അഗ്രി ടൂറിസം, ഫുഡ് ടൂറിസം, അക്സസിബിൾ ടൂറിസം, ടൂറിസത്തിലൂടെ സ്ത്രീ ശാക്തീകരണം, പ്രാദേശിക കലാകാരന്മാർക്കും വിവിധ രംഗകലകൾ, ആയോധനകലകൾ എന്നിവയ്ക്ക് പ്രോത്സാഹനം, സുവനീർ/പ്രാദേശിക കരകൗശല വസ്തുക്കളുടെ നിർമ്മാണത്തിനുള്ള പ്രോത്സാഹനം, സ്റ്റോറി ടെല്ലിംഗ് പാക്കേജുകൾ എന്നിങ്ങനെ കേരളത്തിൽ സുസ്ഥിര ടൂറിസം വികസനത്തിനുള്ള പ്രവർത്തനങ്ങളും നടപ്പിലാക്കി വരുന്നു. വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിനായി ടൂറിസം വകുപ്പ് ദേശീയ തലത്തിലും അന്തർദേശീയ തലത്തിലും വിവിധങ്ങളായ വിപണന തന്ത്രങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. കേരളത്തെ അതിവേഗം അടുത്തറിയാൻ വിനോദസ ഞ്ചാരികൾക്ക് അവസരം ഒരുക്കുന്ന ''മായാ വാട്സാപ്പ് ചാറ്റ് ബോട്ട്'' സേവനത്തിന് തുടക്കം കുറിച്ചിട്ടുണ്ട്. ലോകത്ത് എവിടെയും ഉള്ള

| | | | |
|---|---|---|---|
| | | | സഞ്ചാരികൾക്ക് അനായാസം നമ്മുടെ നാടിനെ കുറിച്ച് കൂടുതൽ മനസ്സിലാക്കാനും യാത്രാ വിവരങ്ങൾ ചോദിച്ചറിയാനും ഉള്ള 24 മണിക്കൂറും പ്രവർത്തിക്കുന്ന നൂതന വെർച്വൽ അസിസ്റ്റൻറ് ആണ് 'മായ'. ഇതുകൂടാതെ കേരളാ ടൂറിസത്തെക്കുറിച്ച് കൂടുതൽ അറിയാൻ കൂടുതൽ വിവരങ്ങൾ ഉൾപ്പെടുത്തി പരിഷ്കരിച്ച 'ആപ്പും ' പ്രവർത്തിക്കുന്നു. ഇതിനു പുറമേ കേരളത്തെ ഒരു വെഡ്ഡിംഗ് ഡെസ്റ്റിനേഷൻ ആക്കുക എന്ന ഉദ്ദേശത്തോടെ നടപ്പാക്കുന്ന പ്രത്യേക മാർക്കറ്റിംഗ് ക്യാമ്പയിൻ, ഒരു ടൂറിസം പ്രോഡക്ട് എന്ന നിലയിൽ കാരവൻ ടൂറിസത്തിന്റെ മെച്ചപ്പെട്ട അവതരണം, സ്വകാര്യ മേഖലയുമായി ചേർന്ന് കേരളത്തിലെ പ്രധാന ടൂറിസം ഡെസ്റ്റിനേഷനുകളെ ബന്ധിപ്പിച്ചുകൊണ്ടുള്ള ഹെലികോപ്റ്റർ സർവ്വീസ്, ബേപ്പൂർ റിവർ ഫെസ്റ്റ്, ചാലിയാർ റിവർ ഫെസ്റ്റ്, ചാമ്പ്യൻസ് ബോട്ട് ലീഗ് പോലെയുള്ള പദ്ധതി, ഇവയൊക്കെ ഈ വർഷം ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പ്രധാന പദ്ധതികളാണ്. |
| (ബി) | 2021-ൽ സംസ്ഥാനത്ത് എത്തിയ സ്വദേശ, വിദേശ ടൂറിസ്റ്റുകളുടെ എണ്ണം എത്രയാണ്; | (ബി) | 2021-ൽ കേരളം സന്ദർശിച്ച ആഭ്യന്തര/വിദേശ വിനോദസഞ്ചാരികളുടെ ജില്ല തിരിച്ചുള്ള കണക്ക് ഇതോടൊപ്പം അനുബന്ധം-1, അനുബന്ധം-2 ആയി ചേർത്തിട്ടുണ്ട്. |
| (സി) | ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനായി എന്തൊക്കെ പുതിയ പദ്ധതികളാണ് വകുപ്പ് നടപ്പിലാക്കിയത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (സി) | കോവിഡിന് ശേഷം കേരളത്തിലെ വിനോദസഞ്ചാര മേഖല സജീവമായി വരികയാണ്. വിനോദസഞ്ചാരികളുടെ എണ്ണത്തിൽ ആദ്യപാദത്തിൽ തന്നെ മുൻവർഷത്തേക്കാൾ വലിയ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. അതുകൊണ്ടുതന്നെ 2022 കേരളത്തിലെ ടൂറിസം മേഖലയ്ക്ക് ഗുണകരമാണെന്നാണ് കരുതുന്നത്. ഇത് മുന്നിൽ കണ്ടുകൊണ്ട് തന്നെ നിരവധിയായ മാർക്കറ്റിംഗ് പ്രവർത്തനങ്ങൾക്കാണ് വകുപ്പ് രൂപം നൽകുന്നത്.<br><br>ടൂറിസം വകുപ്പ് പുതുതായി തുടങ്ങിയ താഴെ പറയുന്ന പ്രചരണ പരിപാടികൾ എല്ലാം തന്നെ ഈ പ്രോത്സാഹനം മുന്നിൽ കണ്ടാണ് ആവിഷ്കരിച്ചത്.<br><br>• സോഷ്യൽ മീഡിയ റീ അഷ്വറൻസ് ക്യാമ്പയിൻ<br>• കേരള ഡ്രൈവ് ഹോളിഡെയ്സ്<br>• ലോംഗ് സ്റ്റേയ്സ് ഇൻ കേരള<br>• ഹോംസ്റ്റേ പ്രമോഷൻ<br>• ഹണിമൂൺ ഹോളിഡേയ്സ്<br>• കാരവൻ ടൂറിസം പ്രമോഷൻ<br>• ചേഞ്ച് ഓഫ് എയർക്യാമ്പയിൻ<br>• ഫാം ടിപ്പുകൾ |

| | | | |
|---|---|---|---|
| | | | • വിവിധ ദേശീയ അന്തർദേശീയ ഫെയറുകളിലെ പ്രാതിനിധ്യം.<br><br>കൂടാതെ കാരവൻ ടൂറിസം പോലുള്ള പുതിയ പദ്ധതികൾ അവതരിപ്പിച്ചത് ഈ മേഖലയ്ക്ക് ഗുണകരമായിട്ടുണ്ട്. സർക്കാർ നടത്തിയ പ്രവർത്തനങ്ങളുടെ ഫലമായി കേരളത്തിലേക്കുള്ള വിനോദസഞ്ചാരികളുടെ എണ്ണത്തിൽ മുൻവർഷത്തേക്കാൾ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. കോവിഡ് മഹാമാരിയുടെ ആഘാതം ഏറ്റുവാങ്ങിയ കേരളത്തിലെ ടൂറിസം മേഖല ഈ വർഷം ആദ്യ പാദത്തിൽ 38 ലക്ഷം ആഭ്യന്തര വിനോദ സഞ്ചാരികളെ ആകർഷിച്ചിട്ടുണ്ട്. കഴിഞ്ഞ വർഷത്തേക്കാൾ 72.48% ശതമാനം വളർച്ചയാണ് ഈ കാലയളവിൽ നേടാൻ കഴിഞ്ഞത്. |

സെക്ഷൻ ഓഫീസർ